# അർധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ് - 6 | അടിസ്ഥാന പാഠാവലി | സമയം - 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കട്ടെ.
2. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. അവയിൽ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി **(കുട്ടി ആറെണ്ണത്തിനും ഉത്തരമെഴുതിയാൽ മികച്ച സ്കോർ ലഭിച്ച അഞ്ചെണ്ണം മാത്രം ഓവറോൾ ഗ്രേഡിന് പരിഗണിക്കണം.)**
4. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ് (വസ്തുനിഷ്ഠ ചോദ്യങ്ങളുൾപ്പെടെ) ആകെ 25 പോയിന്റ്.
5. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
6. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
7. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

**പ്രവർത്തനം - 1 - കുറിപ്പ്**

**പഠനനേട്ടം**

**പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ ഉൾപ്പെടുത്തി സന്ദർഭാനുസരണം സംസാരിക്കുകയും സ്വന്തം രചനകൾ ഔചിത്യപൂർവം ഉപയോഗിക്കുകയും ചെയ്യുന്നു.**

**സൂചകങ്ങൾ**

- പഴഞ്ചൊല്ല്/ശൈലി ഇവയിൽ അടങ്ങിയിരിക്കുന്ന ആശയം, നർമം, മറ്റു പ്രത്യേകതകൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. (1)
- പഴഞ്ചൊല്ല് / ശൈലി എന്നിവ വിനിമയം ചെയ്യുന്ന വ്യത്യസ്ത അർഥതലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- പഴഞ്ചൊല്ല് / ശൈലി ഇവയുടെ സാമൂഹ്യ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ട്. (1)
- സംക്ഷിപ്തമായി എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം - 2 - അഭിപ്രായക്കുറിപ്പ്**

**പഠനനേട്ടം**

**കണ്ടതും, കേട്ടതും വായിച്ചറിഞ്ഞതുമായ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം കൂട്ടിച്ചേർത്ത് പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.**

**സൂചകങ്ങൾ**

- വിവിധ വശങ്ങൾ നന്നായി വിശകലനം ചെയ്ത് അഭിപ്രായം തയാറാക്കിയിട്ടുണ്ട് (1)
- വായനക്കാരെ സ്വാധീനിക്കും വിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി) എന്നിവ പ്രയോഗിച്ചിട്ടുണ്ട്. (1)
- തന്റെ നിലപാട് ഉദാഹരണങ്ങൾ സഹിതം യുക്തിയോടെ വ്യക്തമാക്കിയിട്ടുണ്ട് (1)
- സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട് (1)
- സ്വാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. (1)

## പ്രവർത്തനം - 3 - പ്രതികരണക്കുറിപ്പ്

**പഠനനേട്ടം**

***കണ്ടതും കേട്ടതും വായിച്ചറിഞ്ഞതുമായ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം കൂട്ടിച്ചേർത്ത് പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.***

**സൂചകങ്ങൾ**

- പ്രശ്നത്തിന്റെ വിവിധ വശങ്ങൾ നന്നായി വിശകലനം ചെയ്ത് പ്രതികരണം തയാറാക്കിയിട്ടുണ്ട് (1)
- പ്രതികരണം ശക്തമായും വായനക്കാരെ സ്വാധീനിക്കുന്ന വിധത്തിലും അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട് (2)
- പ്രശ്നത്തോടുള്ള തന്റെ നിലപാട് ഉദാഹരണങ്ങൾ സഹിതം യുക്തിയോടെ വ്യക്തമാക്കിയിട്ടുണ്ട്. (1)
- സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട് (1)

## പ്രവർത്തനം - 4 - കഥാപാത്ര നിരൂപണം

**പഠനനേട്ടം**

***കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ സ്ഥാനവും കണ്ടെത്തി പറഞ്ഞും എഴുതിയും കഥാപാത്ര നിരൂപണം നടത്തുന്നു***

**സൂചകങ്ങൾ**

എ)
- ആശയവുമായി ബന്ധപ്പെട്ട് കഥാപാത്രത്തെ വിശകലനം ചെയ്ത് കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. (1)
- സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവ) ഉപയോഗിച്ചിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ ശക്തിദൗർബല്യങ്ങൾ, ജീവിതവീക്ഷണം, സ്വഭാവം, പെരുമാറ്റം തുടങ്ങിയവ ഉദാഹരണങ്ങൾ സഹിതം വിശകലനം ചെയ്തിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സമകാലിക സാമൂഹിക പ്രസക്തി യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. (1)

ബി) ശരിയായ വാക്യം തയാറാക്കിയിട്ടുണ്ട്. (1)

## പ്രവർത്തനം 5 - ആസ്വാദനക്കുറിപ്പ്

**പഠനനേട്ടം**

***കവിതകൾ വായിച്ച് ആശയം, ഭാഷാപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി അനുയോജ്യമായ ഭാഷയിൽ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.***

**സൂചകങ്ങൾ**

- വായിച്ച ഭാഗത്തെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട് (1)
- വായിച്ചഭാഗത്തെക്കുറിച്ച് താത്പര്യവും ആകാംക്ഷയും ഉണ്ടാകുന്ന വിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവ) ഉപയോഗിച്ചിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണങ്ങൾ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
- സൗന്ദര്യതലം ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. (1)

## പ്രവർത്തനം - 6 - പ്രസംഗം തയാറാക്കുക

**പഠനനേട്ടം**

***പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ ഉൾപ്പെടുത്തി സന്ദർഭാനുസരണം സംസാരിക്കുകയും സ്വന്തം രചനകളിൽ അവ ഔചിത്യപൂർവം ഉപയോഗിക്കുകയും ചെയ്യുന്നു.***

**സൂചകങ്ങൾ**

1. പ്രസംഗത്തിന് ആവശ്യമായ വ്യക്തത, ആശയധാരണ എന്നിവ പാലിച്ചിട്ടുണ്ട്. (2)
2. പ്രസംഗത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (2)
3. ഉചിതമായ ഭാഷ, ശൈലി, പ്രയോഗങ്ങൾ, വാക്യസന്ദർഭങ്ങൾ എന്നിവ ചേർത്തിട്ടുണ്ട് (1)